-: ഭരണഭാഷ - മാതൃഭാഷ :-

# ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം) പത്തനംതിട്ട

സിവിൽ സ്റ്റേഷൻ നാലാം നില, പത്തനംതിട്ട - 689 645

ഫോൺ:-0468-2222642, ഇ-മെയിൽ:-dmohpathanamthitta@gmail.com

നമ്പർ.ബി.1-263/2022 തീയതി:-09.05.2022

## ഇ-ടെണ്ടർ നോട്ടീസ് നമ്പർ - 1/2022-23

പത്തനംതിട്ട ജില്ലാ മെഡിക്കൽ ആഫീസ് മുഖേന ശബരിമല തീർത്ഥാടന കാലത്തേ ഉപയോഗത്തിനായി അടിയന്തിര വൈദ്യസഹായകേന്ദ്രങ്ങളിലേക്ക് ആവശ്യമായ AED മെഷീനുകൾ, ടി. മെഷീനുകൾക്ക് അനുയോജ്യമായ AED പാഡുകൾ എന്നിവ വിതരണം ചെയ്യുന്നതിന് നിർമ്മാതാക്കൽ/അംഗീകൃത വിതരണക്കാർ എന്നിവരിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഇ-ടെണ്ടർ ക്ഷണിക്കുന്നു. ഇ-ടെണ്ടറുകൾ www.etenders.kerala.gov.in എന്ന വെബ് സൈറ്റിലേക്ക് അപ്ലോഡ് ചെയ്യേണ്ടതാണ്. നേരിട്ടുള്ള ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.

- അടങ്കൽ തുക - ₹ 10,00,000/-
- നിരതദ്രവ്യം - ₹ 10,000/-
- ടെണ്ടർ ഫോം വില - ₹ 1,500/- + ₹ 270/- (GST) = ₹ 1,770/-
- ടെണ്ടർ ആരംഭിക്കുന്ന തീയതി - 09.05.2022
- ടെണ്ടർ അവസാനിക്കുന്ന തീയതി - 26.05.2022 വൈകുന്നേരം 5 മണി
- ടെണ്ടർ തുറക്കുന്ന തീയതി - 28.05.2022 ഉച്ചയ്ക്ക് 2 മണി

ഇ-ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ ഓഫീസിൽ നിന്നും ലഭ്യമാണ്. ഫോൺ നമ്പർ - 0468-2222642

### നിബന്ധനകൾ

1) ടെണ്ടർ ലഭിക്കുന്നവർ 2022-23 സാമ്പത്തിക വർഷം (ഒരു വർഷം കാലാവധി) ടെണ്ടർ നിരക്കിൽ ടി.ഇനങ്ങൾ ആവശ്യാനുസരണം വിതരണം നടത്തേണ്ടതാണ്.
2) ടെണ്ടറിൽ രേഖപ്പെടുത്തിയ നിരക്ക് അല്ലാതെ മറ്റൊരു തുകയും അധികമായി അനുവദിക്കുന്നതല്ല. ടി. ഇനങ്ങളുടെ യൂണിറ്റ് നിരക്ക്, ജി.എസ്.ടി. ഉൾപ്പെടെ ബാധകമായിട്ടുള്ള എല്ലാ നികുതികളും, AED മെഷിനുകൾ ശബരിമല ആശുപത്രികളിലേക്ക് എത്തിക്കുന്നതിനുള്ള ഗതാഗത ചിലവുകളും ഉൾപ്പെടുന്നതായിരിക്കണം.
3) AED പാഡുകളുടെ നിരക്ക് പത്തനംതിട്ട ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം)/ജനറൽ ആശുപത്രിയിൽ എത്തിച്ചു നൽകുന്ന നിരക്ക് നൽകിയാൽ മതിയാകുന്നതാണ്.
4) ടെണ്ടറിൽ പങ്കെടുക്കുന്നവരോട് ഈ ആഫീസിൽ നിന്ന് അറിയിക്കുന്നപക്ഷം ടി. ഇനങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ബാധ്യസ്ഥരാണ്.
5) ടെണ്ടർ വിജയിക്കുന്ന സ്ഥാപനം സപ്ലൈ ഓർഡർ ലഭിച്ച് ഈ ആഫീസിൽ നിന്ന് അറിയിക്കുന്ന സമയപരിധിക്കുള്ളിൽ ഇനങ്ങൾ വിതരണം ചെയ്യാൻ സജ്ജമായരിക്കേണ്ടതാണ്.
6) ടെണ്ടർ വിജയിക്കുന്നവരെ പ്രത്യേകം അറിയിക്കുന്നതും, സെക്യൂരിറ്റി ഡിപ്പോസിറ്റ് അവരവരുടെ പേരിൽ എടുത്ത സ്ഥിര നിക്ഷേപ രസീത് ജില്ലാ മെഡിക്കൽ ആഫീസറുടെ പേരിൽ പ്ലഡ്ജ് ചെയ്ത് അസൽ പകർപ്പ് കരാറിനൊപ്പം ഹാജരാക്കേണ്ടതാണ്, അതിനുശേഷം കരാർ ഉറപ്പിക്കുന്നതുമായി രിക്കും.
7) ഇ-ടെണ്ടർ പങ്കെടുക്കുന്ന എല്ലാവർക്കും സ്വന്തമായി ഇ-മെയിൽ ഐ.ഡി., ജി.എസ്.ടി. രജിസ്ട്രേഷൻ എന്നിവ ഉണ്ടായിരിക്കേണ്ടതാണ്.

(.....2.....)

8) വാറന്റി കാലാവധിക്കുള്ളിൽ ഉണ്ടാകുന്ന തകരാറുകൾ പരിശോധിച്ച് പരിഹരിച്ച് തരേണ്ടതും, ആയതിന്റെ ചിലവുകൾ ടെണ്ടർ ലഭിച്ച് സാധനം സപ്ലൈ ചെയ്യുന്ന സ്ഥാപനം/വ്യക്തി വഹിക്കേണ്ടതാണ്.

9) ടെണ്ടർ വ്യവസ്ഥകൾ നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായിരിക്കും.

ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)

പകർപ്പ്

1) നോട്ടീസ് ബോർഡ് ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം), പത്തനംതിട്ട
2) നോട്ടീസ് ബോർഡ് ജനറൽ ആശുപത്രി, പത്തനംതിട്ട
3) നോട്ടീസ് ബോർഡ് ജില്ലാ പഞ്ചായത്ത്, പത്തനംതിട്ട
4) നോട്ടീസ് ബോർഡ് മിനി സിവിൽ സ്റ്റേഷൻ, പത്തനംതിട്ട
5) നോട്ടീസ് ബോർഡ് ആരോഗ്യകേരളം, പത്തനംതിട്ട
6) നോട്ടീസ് ബോർഡ് കളക്ട്രേറ്റ്, പത്തനംതിട്ട
7) നോട്ടീസ് ബോർഡ് പ്ലാനിംഗ് ആഫീസ്, പത്തനംതിട്ട
8) നോട്ടീസ് ബോർഡ്, മുനിസിപ്പാലിറ്റി ആഫീസ്, പത്തനംതിട്ട

ജെകെ

OFFICE OF DISTRICT MEDICAL OFFICER OF HEALTH PATHANAMTHITTA
PIN 689 645.